# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5070 | **23.03.2018** -ലെ മറുപടി

**<u>മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി</u>**

<u>ചോദ്യം</u>

ശ്രീ.മോൻസ് ജോസഫ്

<u>മറുപടി</u>

മാത്യു ടി. തോമസ്

ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ഡയറക്ട് പർച്ചേസിന് അനുമതി ലഭിച്ചിട്ടും സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | എ, ബി, സി & ഡി | മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് ഡയറക്ട് പർച്ചേസിന് സ.ഉ(സാധാ) നം.643/17/ജവിവ തീയതി 28/07/2017 സർക്കാർ ഉത്തരവു പ്രകാരം അനുമതി നൽകുകയും ആവശ്യമായ തുക ആക്ഷൻ പ്ലാനിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 4700-22-800-90 വിതരണികൾ (വോട്ടു ചെയ്തത്) എന്ന ശീർഷകത്തിന്റെ ഫണ്ട് മുഴുവനും ഉപയോഗിച്ചു കഴിഞ്ഞ സാഹചര്യത്തിൽ വസ്തുഉടമകൾക്ക് നല്കുവാനുള്ള 1,02,75,448/- രൂപ 4700-22-800-90 വിതരണികൾ (വോട്ടു ചെയ്തത്) എന്ന ശീർഷകത്തിൽ അധികതുക അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | കഴിഞ്ഞ വർഷത്തെ ആക്ഷൻ പ്ലാനിൽ രണ്ട് കോടി രൂപ വകയിരുത്തിയെങ്കിലും ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസലിന് (ഫയൽ നമ്പർ 606299/Fin/I&PW-B) ധനകാര്യവകുപ്പ് ഇനിയും അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| സി) | പ്രസ്തുത ഫയലിൽ ധനകാര്യ വകുപ്പ് അനാവശ്യ തടസ്സങ്ങൾ നിരത്തുന്നതായുള്ള പരാതി പരിശോധിക്കുമോ; ഡയറക്ട് പർച്ചേസ് നൽകാൻ ഉത്തരവായെങ്കിലും പണം നൽകാൻ പറഞ്ഞിട്ടില്ല എന്ന വിചിത്രവാദം അനാവശ്യമായി പദ്ധതി വൈകിപ്പിക്കുന്നത് കാരണമാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | | |
| ഡി) | കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട ഫയൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് പദ്ധതി പൂർത്തീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**